"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - അഞ്ചൽ ഗ്രാമപഞ്ചായത്തിലെ പ്ലാവിള കിഴക്കേതിൽ, പുല്ലാരിയോട് വിലാസത്തിൽ താമസിക്കുന്ന ശ്രീമതി സരസ്വതിയെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1150/2026/LSGD തീയതി,തിരുവനന്തപുരം, 21-06-2026

---

പരാമർശം:-

1. അഞ്ചൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31/10/2025 ലെ അടിയന്തര യോഗത്തിന്റെ 4(1) നമ്പർ തീരുമാനം.
2. സി.എം.ഒ പോർട്ടൽ വഴി ലഭിച്ച 31/10/2025 ലെ ജി3251102182 നമ്പർ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/01/2026 ലെ തസ്വഭവ/പിഡി/429/2026-ഡിപിഎ ൽസി3 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ അഞ്ചൽ ഗ്രാമപഞ്ചായത്തിലെ പ്ലാവിള കിഴക്കേതിൽ, പുല്ലാരിയോട് വിലാസത്തിൽ താമസിക്കുന്ന ശ്രീമതി സരസ്വതി 80 വയസ്സുള്ള വിധവയും കാഴ്ചപരിമിതിയുള്ള വ്യക്തിയുമാണ്. ടിയാനും മാനസിക വെല്ലുവിളി നേരിടുന്ന മകളും, 18 വയസ്സുള്ള ഒരു വളർത്തുമകനും ഉൾപ്പെടുന്ന ഈ കുടുംബം താമസിക്കുന്ന വീട് വാസയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. ലൈഫ് പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അറിവും ശേഷിയും കുടുംബത്തിനില്ലാത്തതിനാൽ ടി കുടുംബം ലൈഫ് ഗുണഭോക്തൃ പട്ടികയിലോ അതിദാരിദ്ര്യ പട്ടികയിലോ ഉൾപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകൃത എൻജിനീയർ നൽകിയ സാക്ഷ്യപത്രപ്രകാരം നിലവിലെ വീട് അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. ശ്രീമതി. സരസ്വതിയുടെ കുടുംബത്തിന്റെ ദയനീയമായ സാഹചര്യം പരിഗണിച്ച് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണാനുകൂല്യം

അനുവദിക്കുന്നതിന് സർക്കാർ അനുമതിയ്ക്ക് സമർപ്പിക്കാൻ അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ഭരണസമിതി യോഗം പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് പ്രത്യേക സർക്കാൻ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ചൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനവും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് കൊല്ലം ജില്ലയിൽ അഞ്ചൽ ഗ്രാമപഞ്ചായത്തിലെ പ്ലാവിള കിഴക്കേതിൽ, പുല്ലാരിയോട് വിലാസത്തിൽ താമസിക്കുന്ന ശ്രീമതി സരസ്വതിയെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

പ്രസിഡന്റ്, അഞ്ചൽ ഗ്രാമപഞ്ചയത്ത്, കൊല്ലം.(സിഎംഒ പോർട്ടൽ വഴി സമർപ്പിച്ച 31/10/2025 ലെ ജി3251102182 നമ്പർ അപേക്ഷ പ്രകാരം)

സെക്രട്ടറി, അഞ്ചൽ ഗ്രാമപഞ്ചായത്ത്, കൊല്ലം

ശ്രീമതി സരസ്വതി , പ്ലാവിള കിഴക്കതിൽ, പുല്ലാരിയോട് (അഞ്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Thomas. T.j
Date: 22-06-2026 16:43:14

സെക്ഷൻ ഓഫീസർ